പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 256 — 15.12.2015 ൽ മറുപടിക്ക്

## അദ്ധ്യാപക പരിശീലനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഇ.എസ്.ബിജിമോൾ:<br>ശ്രീ. പി. തിലോത്തമൻ:<br>ശ്രീ. കെ. രാജു:<br>ശ്രീ. മുല്ലക്കര രത്നാകരൻ: | ശ്രീ. പി.കെ.അബ്ദുറബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

---

| | |
|---|---|
| (എ) അദ്ധ്യാപകർക്ക് പുതിയ പാഠപുസ്തക പ്രകാരമുള്ള പരിശീലനം യഥാസമയം നൽകാൻ കഴിയാതെ വന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (എ) പുതിയ പാഠപുസ്തകപ്രകാരമുള്ള പരിശീലനം അദ്ധ്യാപകർക്ക് യഥാസമയം നൽകിയിട്ടുണ്ട്. 2015-16 അദ്ധ്യയന വർഷത്തിൽ സ്കൂളുകളിൽ ഏർപ്പെടുത്തിയ പരിഷ്കരിച്ച പാഠ്യപദ്ധതിയുടെയും, പാഠപുസ്തകങ്ങളുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പ്രൈമറി, ഹൈസ്കൂൾ വിഭാഗങ്ങളിലെ മുഴുവൻ അദ്ധ്യാപകർക്കും 2015 ഏപ്രിൽ, മെയ് മാസങ്ങളിൽ പരിശീലനം നൽകിയിരുന്നു., കൂടാതെ പരിശീലന ഷെഡ്യൂളുകൾ തയ്യാറാക്കിയാണ് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന് പരിശീലനം നൽകിയത്. .പുതിയ പാഠപുസ്തകങ്ങളെ അടിസ്ഥാനമാക്കി എല്ലാ അദ്ധ്യാപകർക്കും ക്ലസ്റ്റർ പരിശീലനവും നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പാഠപുസ്തകം അടിസ്ഥാനമാക്കി ഏതു തരത്തിൽ ക്ലാസുകൾ നടത്തണമെന്ന ലഘു-ലേഖ അദ്ധ്യാപകർക്ക് യഥാസമയം വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം വന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടു-ത്താമോ; | (ബി) | ക്ലാസ് റൂം വിനിമയം എങ്ങനെയാവണമെന്ന നിർദ്ദേശങ്ങൾ ഉൾപ്പെടെ, എല്ലാ ക്ലാസ്സുകളിലെയും, എല്ലാ വിഷയങ്ങളുടെയും അദ്ധ്യാപക സഹായികൾ (അധ്യാപക കൈപ്പുസ്തകം) യഥാസമയം തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട് |
| (സി) | കാലഘട്ടത്തിനനുസരിച്ച് പുസ്തക-ത്തിനൊപ്പം അദ്ധ്യാപകരേയും നവീകരിക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | കാലഘട്ടത്തിനനുസരിച്ചും, പാഠ്യ-പദ്ധതി പരിഷ്ക്കരണത്തിനനു-സൃതമായും അധ്യാപകർക്ക് പരിശീലനം നൽകുന്നതിനായി അധ്യാപകശാക്തീകരണ പദ്ധതികൾ നടന്നു വരുന്നു. അവധിക്കാല അദ്ധ്യാപക പരിശീലനം, ക്ലസ്റ്റർതല പരിശീലനം., സ്കൂൾ അധിഷ്ഠിത പരിശീലനം,. ഐ.സി.റ്റി പരിശീലനം., റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് എന്ന സ്ഥാപനത്തിന്റെ നേതൃത്വത്തിൽ എൽ.പി. അധ്യാപകർക്കുള്ള സ്പെഷ്യൽ ഇംഗ്ലീഷ് ട്രെയിനിംഗ്, രാഷ്ട്രീയ ആവിഷ്കാർ അഭിയാനുമായി ചേർന്ന് സയൻസ്,. മാത്സ് വിഷയങ്ങളിലെ അധ്യാപകർക്കായി പ്രത്യേക പരിശീലനം. അധ്യാപകർക്ക് തത്സമയം സഹായം നൽകുന്നതി-ലേക്കായി ട്രെയിനർമാരെയും, ക്ലസ്റ്റർ കോർഡിനേറ്റർമാരെയും പ്രാപ്തരാ-ക്കുന്നതിന് പ്രത്യേക പരിശീലനം നൽകൽ എന്നിവയാണ് അധ്യാപക നവീകരണത്തിനായി ആവിഷ്ക്കരി-ച്ചിട്ടുള്ള പ്രധാന പദ്ധതികൾ. അതോടൊപ്പം ഡയറ്റിന്റെയും, |

വിദ്യാഭ്യാസ വിദഗ്ദരുടെയും, വിദ്യാഭ്യാസ ഓഫീസർമാരുടെയും നേതൃത്വത്തിലുള്ള ഇന്റേൺ സപ്പോർട്ട് മിഷൻ (ഐ.എസ്.എം) അദ്ധ്യാപർക്കാവശ്യമായ പിന്തുണ സ്കുളുകളിൽ നൽകിവരുന്നു.

സെക്ഷൻ ഓഫീസർ